പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1827</u>　　<u>04.10.2011-ൽ മറുപടിക്ക്</u>

## പഞ്ചായത്തുകൾക്ക് മാലിന്യസംസ്കരണത്തിന് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) അമ്പലപ്പുഴ മണ്ഡലത്തിലെ മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്ക് പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ; | എ) സ്ഥലം ലഭ്യമാക്കിയിട്ടുള്ളതും പൊതുസ്രോതസ്സുകളിൽ നിന്നും അധികമായി മാലിന്യം ഉൽപാദിപ്പിക്കപ്പെടുകയും ചെയ്യുന്ന ഗ്രാമപഞ്ചായത്തുകളിൽ കേന്ദ്രീകൃത സംവിധാനം സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കേന്ദ്രീകൃത സംവിധാനം ഏർപ്പെടുത്തുന്നതിനോടൊപ്പം വികേന്ദ്രീകൃത മാലിന്യസംസ്കരണത്തിന് പ്രാധാന്യം നൽകാനും കേന്ദ്രീകൃത പ്ലാന്റിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ലക്ഷ്യമിട്ടുള്ള പദ്ധതികളാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിവരുന്നത്. ഇത്തരം സംവിധാനങ്ങൾ ഒരുക്കുന്നതിനായി ഭാഗിക സാമ്പത്തിക സഹായം ശുചിത്വ മിഷൻ വഴി ലഭ്യമാക്കി വരുന്നു. ഇതനുസരിച്ച് മൂലധന ചെലവിന്റെ 60%മോ 7.50 ലക്ഷം രൂപയോ ഏതാണോ കുറവ് അതാണ് സഹായമായി ശുചിത്വമിഷൻ വഴി നൽകി വരുന്നത്. 1.3.2011ലെ 73/2011/തസ്വഭവ നമ്പറിലെ സർക്കാർ ഉത്തരവ് പ്രകാരം അമ്പലപ്പുഴ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളാണ് പദ്ധതി തയ്യാറാക്കി ശുചിത്വ മിഷന്റെ സഹായത്തോടെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കേണ്ടത്. |

ബി) വികേന്ദ്രീകൃത മാലിന്യ സംസ്കരണം നടത്തുന്നതിന് ചെറിയ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ;

ബി) ഖരമാലിന്യ സംസ്കരണത്തിന് ബയോഗ്യാസ് പ്ലാന്റ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്താൻ സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതുപ്രകാരം ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് അംഗീകാരം നൽകി വരുന്നു. ഖരമാലിന്യ പ്രശ്നം കൂടുതലുള്ള പ്രദേശങ്ങളായ ചന്തകൾ, അറവുശാലകൾ, സ്കൂളുകൾ, ആശുപത്രികൾ, തുടങ്ങിയ സ്ഥലങ്ങളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കു ന്നതിന് ആവശ്യമായി വരുന്ന തുകയുടെ 50 ശതമാനം തുകയോ പരമാവധി 4 ലക്ഷം രൂപയോ ഭാഗിക സാമ്പത്തിക സഹായമായി സമ്പൂർണ്ണ ശുചിത്വ യജ്ഞം പദ്ധതി വഴി നൽകി വരുന്നു.

സി) ആലപ്പുഴ ആരോഗ്യ പാക്കേജിൽ ഉൾപ്പെടുത്തി, മാലിന്യ സംസ്കരണത്തിനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ ?

സി) വികേന്ദ്രീകൃത രീതിയിലുള്ള മാലിന്യ സംസ്ക്കരണ പദ്ധതികൾക്കാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ പ്രോത്സാഹിപ്പിച്ചു വരുന്നത്. 1994-ലെ നഗരപാലിക ആക്ട് പ്രകാരം പരിസ്ഥിതിക്കും ജനങ്ങൾക്കും ദോഷകരമല്ലാത്ത രീതിയിൽ ഖരമാലിന്യ നിർമ്മാർജ്ജന പദ്ധതികൾ ഏറ്റെടുത്ത് നടത്താനുള്ള ഉത്തരവാദിത്വം നഗരസഭയിൽ നിക്ഷിപ്തമാണ്. കൂടാതെ, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ 2000-ലെ നഗരഖരമാലിന്യ (പരിപാലന കൈകാര്യം) ചട്ടങ്ങൾ പ്രകാരം വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പദ്ധതികൾക്ക് രൂപം നൽകുകയാണെങ്കിൽ ആയവ നടപ്പിലാക്കുന്നതിനു സാങ്കേതിക അനുമതിയും ഭാഗിക സാമ്പത്തിക സഹായവും നൽകാമോ എന്ന കാര്യം പരിശോധിക്കാവുന്നതാണ്. ഇതിനുള്ള പദ്ധതികൾ തയ്യാറാക്കേണ്ടത് നഗരസഭയാണ്.

സെക്ഷൻ ഓഫീസർ